(ബി) സംസ്ഥാന സർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) മരുന്ന് വില നിയന്ത്രണം നീക്കിയ നയം തിരുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ-സി) ഇക്കാര്യവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും, ആരോഗ്യ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയെ നേരിട്ട് കണ്ട് നിവേദനം സമർപ്പിച്ചിരുന്നു. മരുന്ന് വില വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു നടപടിയും സ്വീകരിക്കുന്നതല്ലെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയിരുന്നു. ഇക്കാര്യത്തിൽ വീണ്ടും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

അട്ടപ്പാടിയിലെ ശിശുമരണങ്ങളെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠന റിപ്പോർട്ട്

12 (*71) ഡോ. ടി. എം. തോമസ് ഐസക്ക് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ പട്ടികഗോത്രവർഗ്ഗവിഭാഗ ശിശുക്കളുടെ മരണത്തെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും എന്തൊക്കെയാണ്; സർക്കാർ നടപ്പാക്കിയത് എന്തൊക്കെ കാര്യങ്ങളാണ്;

(ബി) ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിൽ ജനകീയ ആരോഗ്യ പ്രവർത്തകർ പഠനം നടത്തി സർക്കാരിന് നൽകിയ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും അറിയിക്കാമോ ;

(സി) യൂണിസെഫ് വിദഗ്ധരുടെ റിപ്പോർട്ടും ജനകീയ ആരോഗ്യ പ്രവർത്തകരുടെ റിപ്പോർട്ടും അവഗണിച്ച് പ്രശ്നം പഠിക്കാനായി പുതിയ സമിതിയെ നിയമിച്ചത് പരാജയം മറയ്ക്കാനും അടിയന്തര നടപടികൾ വൈകിക്കാനുമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) അട്ടപ്പാടിയിലെ ശിശുക്കളുടെ മരണത്തെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു :

1. സ്ഥാപനതലത്തിൽ കൈക്കൊണ്ട നടപടികൾ - ഗർഭകാല പരിചരണം :

- ഗർഭകാല പരിചരണ സംബന്ധമായ പ്രോട്ടോകോൾ തയ്യാറാക്കുക.
- ഗർഭിണികളുടെ മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ
- ഗർഭകാലത്തിലുള്ള വിളർച്ച തടയുകയും ചികിത്സാ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.
- അപകടകരമായ അവസ്ഥയിലുള്ള ഗർഭിണികളെ കണ്ടെത്തുന്നതിനും ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ.
- അടിസ്ഥാന ഗർഭകാല പരിചരണം, നവജാത ശിശു പരിചരണം തുടങ്ങിയവയിൽ പരിശീലനം
- എസ്.എൻ.സി.യു. പ്രവർത്തനക്ഷമമാക്കുക.
- നവജാത ശിശു പരിചരണത്തിനാവശ്യമായ ഉപകരണങ്ങളുടെ സമയാസമയങ്ങളിലുള്ള പരിശോധനയും മെയിന്റനൻസും.
- ലേബർ റൂം, വാർഡുകൾ, ന്യൂബോൺ കോർണർ എന്നിവിടങ്ങളിലെ ശുചിത്വ സംവിധാനങ്ങൾ, ഇൻഫെക്ഷൻ കൺട്രോൾ തുടങ്ങിയവയുടെ മെച്ചപ്പെടുത്തൽ.
- അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ വിവരശേഖരണവും ട്രാക്കിങ്ങും.
- സമാന ശിശുമരണങ്ങൾ തുടരാതിരിക്കുവാനുള്ള പ്രത്യേക നിരീക്ഷണം.

2. ഗർഭപൂർവ്വ പരിചരണം : ഗർഭപൂർവ്വ പരിചരണ സംബന്ധമായ പ്രോട്ടോകോൾ തയ്യാറാക്കുക, ഐ.എം.എൻ.സി.ഐ. (ഇൻഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് നിയോനാറ്റൽ ആന്റ് ചൈൽഡ്ഹുഡ് ഇൽനസ്) മാർഗ്ഗ നിർദ്ദേശങ്ങൾ സ്ഥാപനതലത്തിൽ നടപ്പാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. <u>സാമൂഹ്യ/ഗൃഹാധിഷ്ഠിത ഔട്ട് റീച്ച് സംവിധാനങ്ങൾ</u> :

- ഗൃഹാധിഷ്ഠിത ഗർഭപൂർവ്വ പരിചരണം ഉറപ്പാക്കുക.
- പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകൾ ക്രമീകരിക്കുന്നതിന് താൽക്കാലിക കുടുംബാസൂത്രണ മാർഗ്ഗങ്ങൾ എത്തിക്കുക.
- സാമൂഹ്യാധിഷ്ഠിതമായി സേവനങ്ങൾ എത്തിക്കുന്നതിന് ടൈബൽ വോളൻന്റിയർമാരെ കണ്ടെത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക.
- സാമൂഹ്യ തലത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ- ഗർഭിണികളുടെ രജിസ്ട്രേഷൻ, പ്രസവങ്ങൾ തമ്മിലുള്ള ഇടവേളകൾ, ശരിയായ മുലയൂട്ടൽ രീതികൾ, ഗർഭിണികളുടെ പോഷകാഹാരം മെച്ചപ്പെടുത്തൽ, വിളർച്ച തടയൽ, ഊരുകളിൽ ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ശൈശവ വിവാഹം, നേരത്തെയുള്ള പ്രസവം എന്നിവ തടയൽ തുടങ്ങിയവ.
- ഗർഭകാല-ഗർഭ പൂർവ്വ അവസ്ഥകളിൽ അംഗൻവാടികളുമായി ബന്ധപ്പെടുത്തി മെച്ചപ്പെട്ട പോഷകാഹാരം, അയേൺ ഗുളികകൾ, വിറ്റാമിൻ എ തുടങ്ങിയവയും കഞ്ഞുങ്ങളിലെ വയറിളക്കം തടയുന്നതിന് ഒ.ആർ.എസ്. സിങ്ക് തുടങ്ങിയവയും ഉറപ്പാക്കുക.

<u>നടപ്പിലാക്കിയ കാര്യങ്ങൾ</u> :

1. ഗർഭകാല പരിചരണ സംബന്ധമായ പ്രോട്ടോകോൾ യൂണിസെഫിന്റെ സഹായത്തോടെ തയ്യാറാക്കി നൽകി.
2. ഈ വർഷം ഇതുവരെ എം.സി.ടി.എസ്. പ്രകാരം ഗർഭിണികളുടെ രജിസ്ട്രേഷൻ 45% പൂർത്തീകരിച്ചു.
3. ഗർഭകാലത്തിലുള്ള വിളർച്ച തടയുന്നതിന് 100 അയേൺ ഫോളിക് ആസിഡ് ഗുളികകൾ വീതം ഗർഭിണികൾക്ക് നൽകുകയണ്ടായി.
4. ആരോഗ്യാവസ്ഥ തൃപ്തികരമല്ലാത്ത എല്ലാ ഗർഭിണികളെയും കണ്ടെത്തുന്നതിനും ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നതിനും മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കി.

5. യൂണിസെഫിന്റെ സഹകരണാർത്ഥം അടിസ്ഥാന ഗർഭകാല പരിചരണം, നവജാതശിശു പരിചരണം തുടങ്ങിയവയിൽ ആശ, ജെ.പി.എച്ച്.എൻ. അംഗൻവാടി പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി.

6. എസ്.എൻ.സി.യു. പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചു.

7. ലേബർ റൂം, വാർഡുകൾ, ന്യൂബോൺ കോർണർ എന്നിവിടങ്ങളിലെ ശുചിത്വ സംവിധാനങ്ങൾ, ഇൻഫക്ഷൻ കൺട്രോൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് പ്രാരംഭ നടപടികൾ കൈക്കൊണ്ടു.

8. നവജാത ശിശു പരിചരണത്തിനാവശ്യമായ ഉപകരണങ്ങളുടെ സമയാസമയങ്ങളിലുള്ള പരിശോധനയും മെയിന്റനൻസും നടപ്പിലാക്കി വരുന്നു.

9. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ വിവര ശേഖരണവും ട്രാക്കിങ്ങും ലക്ഷ്യമാക്കി ജാതക്/ജനനി സോഫ്റ്റ്വെയർ സംവിധാനം നടപ്പാക്കി അതുവഴി വിവിധ തലങ്ങളിലുള്ള മോണിറ്ററിംഗ് ശക്തമാക്കി.

10. ഗർഭപൂർവ്വ പരിചരണ സംബന്ധമായ പ്രോട്ടോകോൾ യൂണിസെഫിന്റെ സഹായത്തോടെ തയ്യാറാക്കുകയും ഐ.എം.എൻ.സി.ഐ. (ഇൻഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് നിയോനാറ്റൽ ആന്റ് ചൈൽഡ്ഹുഡ് ഇൽനസ്) മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ജെ.പി.എച്ച്.എൻ.-മാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുകയും ചെയ്തു.

11. ഗൃഹാധിഷ്ഠിത ഗർഭപൂർവ്വ പരിചരണം ഉറപ്പാക്കുന്നതിന് ആശ, ജെ.പി.എച്ച്.എൻ. അംഗൻവാടി പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകി.

12. ടൈബൽ വോളന്റിയർമാർക്ക് വിവിധ പരിശീലനങ്ങൾ നൽകി.

13. സമഗ്ര ആരോഗ്യപദ്ധതിയുടെ ഭാഗമായി സാമൂഹ്യ വികസന പദ്ധതിയുടെ കീഴിൽ വിവിധ ബോധവൽക്കരണ പരിപാടികൾ തെരഞ്ഞെടുക്കപ്പെട്ട ഊരുകളിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗർഭിണികളുടെ രജിസ്ട്രേഷൻ, ശരിയായ മുലയൂട്ടൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രീതികൾ, പോഷകാഹാരം മെച്ചപ്പെടുത്തൽ, വിളർച്ച തടയൽ, വ്യക്തി ശുചിത്വം തുടങ്ങിയ മേഖലകളിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഇതുകൂടാതെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ വഴി ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ക്ലാസുകൾ നടത്തി വരുന്നു.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിഷാംശമുള്ള പച്ചക്കറികൾ തടയാൻ നടപടി

13 (*72) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്പാദിപ്പിക്കുന്നതും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ അംശം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുന്നതിനും അത്തരം പച്ചക്കറികൾ വില്പനക്കെത്തിക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പഴങ്ങൾ രാസവസ്തുക്കൾ ഉപയോഗിച്ച് കൃത്രിമമായി പഴുപ്പിക്കുന്നതിനെതിരെ സ്വീകരിച്ചതുപോലുള്ള നടപടി പച്ചക്കറികളിൽ കീടനാശിനി തളിക്കുന്നതിനെതിരെയും സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(ഡി) കേരളത്തിൽ ക്യാൻസർ, വൃക്കരോഗം എന്നിവ വർദ്ധിച്ചുവരുന്നതിനുള്ള കാരണം ഇത്തരത്തിൽ മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെ ഉപയോഗം നിമിത്തമാണന്ന് കണ്ടെത്തിയിട്ടുണ്ടോ വിശദാംശം നല്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.